# പെണ്ണുടലിന്റെ തൊൽക്കാപ്പിയ പരിപ്രേക്ഷ്യം

**ഡോ. അരുൺ മോഹൻ പി.**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാള വിഭാഗം,
ആർ.ജി.എം. ഗവ. കോളേജ്, അട്ടപ്പാടി.

**സംഗ്രഹം**

ഇന്ത്യൻ സാഹിത്യ സിദ്ധാന്തങ്ങളിലെ സവിശേഷ മേഖലയാണ് ദ്രാവിഡമായ തിണ സങ്കല്പം. സംഘസാഹിത്യത്തിലെ ലഭ്യമായ പ്രാചീനകൃതിയായ തൊൽക്കാപ്പിയ ത്തിലെ പൊരുളതികാരത്തിലെ അകത്തിണൈ ഇയലിനകത്താണ് തൊൽക്കാപ്പിയർ അകത്തിണകളെ നിർവചിച്ചടയാളപ്പെടുത്തിയിട്ടുള്ളത്. ഈ അധ്യായത്തെ അടിസ്ഥാനമാക്കി തൊൽക്കാപ്പിയരുടെ പെണ്ണുടലിനെ സംബന്ധിക്കുന്ന രേഖപ്പെടുത്തലുകളെ വിമർശനാത്മകമായി വിലയിരുത്തുന്നു.

**താക്കോൽവാക്കുകൾ:** ലിംഗപദവി, പുരുഷാധികാരം, എഴുത്തും അധികാരവും, തൊൽക്കാപ്പിയം, പെണ്ണുടൽ, അകത്തിണകൾ, ഐന്തിണ, ഉരിപ്പൊരുൾ, മടലേറൽ.

സമൂഹത്തിനകത്തെ അധികാരമാണ് ലിംഗപദവി നിർണയത്തിൽ അടിസ്ഥാനഘടകമായി വർത്തിക്കുന്നത്. സമൂഹക്രമത്തിനകത്ത് കുടുംബം സ്ഥാപനവത്കരിക്കപ്പെടുകയും സമ്പത്തിന്റെ അവകാശം പുരുഷനിൽ നിക്ഷിപ്തമാവുകയും ചെയ്യുന്ന സാമൂഹികപരിക്രമണഘട്ടത്തിൽ പുരുഷൻ അധികാരത്തിന്റെ കേന്ദ്രീകൃതസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു എന്ന് *കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉദ്ഭവത്തിൽ എംഗൽസ്* അഭിപ്രായപ്പെടുന്നുണ്ട്. ഏകഭർതൃത്വവും മക്കത്തായ ദായക്രമവും സ്ത്രീയുടെ സാമൂഹികവും സാമ്പത്തികവും കുടുംബപരവുമായ അവകാശാധികാരങ്ങളെ പരിമിതപ്പെടുത്തുകയോ ഒരളവോളം ഇല്ലാതാക്കുകയോ ചെയ്തു. അതിനാൽതന്നെ അധികാരകേന്ദ്രിത സാമൂഹികഘടനയ്ക്കകത്ത് ലിംഗപദവി അധികാരത്തെ നിർണയിക്കുന്ന അടിസ്ഥാനഘടകമായിത്തീർന്നു. ഇത് മാനവചരിത്രത്തിലെ പരമപ്രധാനമായ ഒരു സംക്രമണഘട്ടത്തെ വെളിവാക്കുന്നു.

ചരിത്രനിർമ്മിതി അധികാരത്തിന്റെയും അതുമായി ബന്ധപ്പെട്ട ഘടനകളുടെയും ഒരവശ്യഘടകമായാണ് കടന്നുവരുന്നതെങ്കിലും ഇന്നത്തെ അതിന്റെ അവസ്ഥകൾക്ക് വ്യതിയാനം

സംഭവിച്ചിട്ടുണ്ട്. അധികാരത്തിന്റെ മേൽത്തട്ടിൽനിന്നും സാമൂഹികജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും കടന്നുചെല്ലാവുന്ന ഘടകങ്ങളെ കോർത്തിണക്കുന്ന തരത്തിൽ ചരിത്രനിർമ്മിതിയുടെ ഉപാദാനങ്ങൾ പുനർനിർണയിക്കപ്പെട്ടു. *എഴുത്ത്* എന്ന ഉപാദാനത്തിനകത്ത് ശാസനാദികളായ അറിയിപ്പുകളും നാടക, കാവ്യാദികളായ സാഹിത്യവും ഉൾപ്പെട്ടിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട ആദ്യകാലചരിത്രങ്ങളെല്ലാം തന്നെ പ്രഥമദൃഷ്ട്യാ അധികാരസംബന്ധിയായിരുന്നു. അതിൽത്തന്നെ സാമ്പത്തികമായും സാമൂഹികമായും ഉയർന്നനിലവാരത്തിൽ നിലനിന്നവരെയാണ് അടയാളപ്പെടുത്താൻ ശ്രമിച്ചത്. മേൽത്തട്ട് അധികാരബലത്താൽ ശക്തമെങ്കിലും അവർ ന്യൂനപക്ഷമായിരുന്നു. ഭൂരിപക്ഷംവരുന്ന അടിസ്ഥാനവർഗ്ഗം കൃത്യമായ പ്രതിനിധാനങ്ങളില്ലാതെ ചരിത്രത്തിൽ നിന്നും തിരസ്കരിക്കപ്പെട്ടു. ഇക്കൂട്ടത്തിൽ ലിംഗപരമായ അടിമത്തമനുഭവിച്ചുവന്ന സ്ത്രീകളും ഉൾപ്പെടുന്നു. എന്നാൽ ഇക്കാലങ്ങളിൽ സ്ത്രീകൾക്ക് മാന്യമായ സാമൂഹികപദവി ലഭിച്ചിരുന്നു എന്നും വാദമുണ്ട് ഇതൊരളവോളം ശരിയുമാണ്. എന്നാൽ അത്തരത്തിലുള്ള ജീവിതപ്രതിനിധാനങ്ങൾ അധികാരകേന്ദ്രങ്ങളുടെ ഭാഗമായിരുന്നു. ഇത്തരത്തിൽ രേഖപ്പെടുത്തപ്പെട്ട സ്ത്രീകർതൃത്വങ്ങൾ ലിഖിതവും അലിഖിതവുമായ നിയമസംഹിതകളാൽ നിയന്ത്രിക്കപ്പെട്ടു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് തമിഴ്വ്യാകരണഗ്രന്ഥമെന്ന് പുകൾപെറ്റ, കാവ്യശാസ്ത്രഗ്രന്ഥം കൂടിയായ *തൊൽക്കാപ്പിയത്തിനകത്തെ പെണ്ണടൽ* സാധ്യതകൾ ചർച്ചചെയ്യപ്പെടുന്നത്.

**തൊൽക്കാപ്പിയം**

തമിഴ്ഭാഷയിലെ ലഭ്യമായ ഏറ്റവും പ്രാചീനഗ്രന്ഥമായാണ് തൊൽക്കാപ്പിയത്തെ കണക്കാക്കുന്നത്. ക്രിസ്തുവിന്ശേഷം എട്ടാംനൂറ്റാണ്ടിൽ ലഭിച്ച *ഇറൈയനാർ അകപ്പൊരുൾ* എന്ന കൃതിയിൽനിന്നുമാണ് സംഘകാലസാഹിത്യത്തെ സംബന്ധിക്കുന്ന അറിവുകൾ ലഭിക്കുന്നത്. പാണ്ഡ്യരാജധാനിയുമായി ബന്ധപ്പെട്ട് മൂന്ന് സംഘ(ചങ്ക)ങ്ങൾ നിലവിലിരുന്നതായും പറയപ്പെടുന്നു. മുതൽചങ്കം, ഇടൈചങ്കം, കടൈചങ്കം എന്നിവയാണവ. ഇവയിൽ മുതൽചങ്കത്തിലേതെന്നവകാശപ്പെടാവുന്ന ഒറ്റ കൃതിയും കണ്ടുകിട്ടിയിട്ടില്ല.ഇടൈചങ്കത്തിലേതെന്ന് അവകാശപ്പെടുന്ന കണ്ടുകിട്ടിയിട്ടുള്ള ഏകകൃതിയാണ് തൊൽക്കാപ്പിയം. സംഘകാലകൃതികളെന്നറിയപ്പെടുന്ന മറ്റുകൃതികളെല്ലാം കടൈചങ്കത്തിലെതാണ്. ഭാഷയും അതിന്റെ പ്രയോഗത്തെ സംബന്ധിക്കുന്ന വ്യാകരണവും സാഹിത്യവുമാണ് തൊൽക്കാപ്പിയത്തിന്റെ അടിസ്ഥാനം. ഈ കൃതി ഇന്ന് വ്യവഹാരത്തിൽ തമിഴ് എന്നറിയപ്പെടുന്ന ഭാഷയ്ക്കുമാത്രം അവകാശപ്പെട്ടതല്ല. ഇവിടെ വിവക്ഷിക്കപ്പെടുന്ന തമിഴ് മൂലദ്രാവിഡഭാഷയെയയാണ് പ്രതിനിധാനം ചെയ്യുന്നത്. അതിനാൽ വിവിധകാലങ്ങളിൽ മൂലദ്രാവിഡഭാഷയിൽ നിന്നും വേർപിരിഞ്ഞ് സ്വതന്ത്രസ്വത്വം നേടിയഭാഷകൾക്കെല്ലാം തൊൽക്കാപ്പിയം പൈതൃകമോ മാതൃകമോ ആണ്.

തൊൽക്കാപ്പിയം എന്ന പേരിന്റെ സാംഗത്യത്തെക്കുറിച്ച് പലരും വ്യാഖ്യാനങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ടെങ്കിലും തൊൽക്കാപ്പിയർക്കുതന്നെ ഇതിനെ സംബന്ധിക്കുന്ന വ്യക്തമായ നിലപാടുകളുണ്ട്. പൊരുളതികാരം ചെയ്യുൾ ഇയലിൽ 539-ാം സൂത്രത്തിൽ അദ്ദേഹം തോൽ (തൊൽ) എന്തെന്നു പറയുന്നു.


ISSN: 2582 - 2594

സൂത്രം - 539

*ഇഴുമെൻമൊഴിയാൽ വിഴുമിയത്തു അവലിനും*

*പരന്തനമൊഴിയാൽ അടിനിമിർന്തൊഴുകിനും*

*തോലെന മൊഴിപ തോൽ നെറിപ്പുലവർ.*

ലളിതമായ മൊഴിയാൽ ആശയങ്ങൾ വിനിമയം ചെയ്യുന്നതിനും പരന്ന അഥവാ കൂടുതൽ പദങ്ങളോടുകൂടിയ മൊഴിയാൽ അടികളിലായി വിസ്തരിച്ച് പ്രതിപാദിക്കുന്നതിനും ഉയർന്ന പണ്ഡിതന്മാർ തോൽ (തൊൽ) എന്ന മൊഴി ഉപയോഗിക്കുന്നു. 539-ാം സൂത്രത്തിലെ ഒന്നാം വരി പ്രമാണമായി സ്വീകരിച്ചാൽ ലളിതമായ ഭാഷയിൽ ഉയർന്ന കാര്യങ്ങൾ വിശകലനം ചെയ്യുന്ന രീതിയാണ് തോൽ (തൊൽ). കാപ്പിയം എന്നത് കാവ്യം തന്നെയാണ്.

തൊൽക്കാപ്പിയ രചയിതാവ് തൊൽക്കാപ്പിയർ എന്ന പേരിലാണ് അറിയപ്പെടുന്നത്. തൊൽക്കാപ്പിയം രചിച്ചതാരോ അയാളാണ് തൊൽക്കാപ്പിയർ. ഇദ്ദേഹം ജമദഗ്നി മഹർഷിയുടെ മകനും അഗസ്ത്യമുനിയുടെ പന്ത്രണ്ട് ശിഷ്യരിൽ ഒരുവനുമായ തൃണധൂമാഗ്നിയാണെന്നും വാദമുണ്ട്. ക്രിസ്തുവിനു മുമ്പ് (ബി.സി.) 350-നും, ക്രിസ്തുവിന് ശേഷം (എ.ഡി.) 8-ാം നൂറ്റാണ്ടിനും ഇടയിലാണ് തൊൽക്കാപ്പിയത്തിന്റെ രചനാകാലം. കാലഘട്ടത്തെ സംബന്ധിക്കുന്ന നിരവധി വിവാദങ്ങൾ നിലനില്ക്കേ ഇതു പ്രതിനിധാനം ചെയ്യുന്ന സാമൂഹിക ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുവിനു ശേഷം രണ്ടാം നൂറ്റാണ്ടിനും നാലാനൂറ്റാണ്ടിനും ഇടയിലാണെന്ന് കരുതാം. ലഭ്യമായ ആദ്യത്തെ തൊൽക്കാപ്പിയം പതിപ്പ് പകർത്തപ്പെട്ടത് തമിഴ് ബ്രാഹ്മിയിലാണ്. ഇത് ക്രിസ്തുവിനുശേഷം ആറാം നൂറ്റാണ്ടിലേതാണ്. സാഹിത്യകൃതിയുടെ ഉള്ളടക്കം മുൻനിർത്തി ചരിത്രം മാറിവരുന്ന രീതിശാസ്ത്രങ്ങൾക്കനുസരിച്ച് നിർമ്മിക്കപ്പെടുന്നു. ഇത്തരത്തിൽ ആര്യവത്കരണം, മനുസ്മൃതിയുടെ പ്രചാരം, വർണ്ണവ്യവസ്ഥയുടെ ആവിർഭാവം എന്നിവയ്ക്കു ശേഷമാണ് തൊൽക്കാപ്പിയം രചിക്കപ്പെട്ടിട്ടുള്ളത്. ഇതിന് തെളിവ് ലഭിക്കുന്നത് തൊൽക്കാപ്പിയം പൊരുളതികാരത്തിനകത്തെ പരാമർശങ്ങളിൽ നിന്നുമാണ്.

**സ്ത്രീ-തൊൽക്കാപ്പിയ കാഴ്ചപ്പാടിൽ**

എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം എന്നിങ്ങനെയാണ് തൊൽക്കാപ്പിയത്തിനകത്തെ വിഷയക്രമീകരണം. ഇവയ്ക്കെല്ലാം തന്നെ ഉപ അധ്യായങ്ങളുമുണ്ട്. എഴുത്തതികാരം അക്ഷരങ്ങളെപ്പറ്റിയും ചൊല്ലതികാരം പദങ്ങളെപ്പറ്റിയും പൊരുളതികാരം കാവ്യവിഷയം, രസം, അലങ്കാരം, വൃത്തം, ഭാഷാ പ്രയോഗങ്ങൾ എന്നിവയെപ്പറ്റിയുമാണ് പ്രതിപാദിക്കുന്നത്. പൊരുളതികാരത്തിനകത്തെ അദ്ധ്യായങ്ങൾ (ഇയലുകൾ) 1. അകത്തിണൈ ഇയൽ, 2.പുറത്തിണൈ ഇയൽ, 3. കളവിയൽ, 4.കർപ്പിയൽ, 5.പൊരുളിയൽ, 6. മെയ്പ്പാട്ടിയൽ, 7. ഉവൈമ ഇയൽ, 8. ചെയ്യുളിയൽ, 9. മരപിയൽ എന്നിവയാണ്. ഇവയിലെ ആദ്യ നാല് ഇയലുകളിൽ നിന്നും തൊൽക്കാപ്പിയർ മുന്നോട്ടുവെക്കുന്ന സ്ത്രൈണജീവിത സങ്കല്പനങ്ങളെ ക്രോഡീകരിച്ചെടുക്കാം. സൗന്ദര്യവത്കരിക്കപ്പെട്ടതും അദളിതവും സാമ്പത്തികമായി സമൂഹത്തിന്റെ മേൽത്തട്ടിൽ വിരാജിക്കുന്നവരുമാണ് ഒരു കാവ്യത്തിനകത്ത്- അവരെ പ്രതിനിധാനം ചെയ്യുന്ന തിണ (ഐന്തിണകളിൽ) ഏതുമാകട്ടെ- നായികാ-നായകന്മാരായി വരേണ്ടത്. പൊരുളതികാരം, അകത്തിണൈ ഇയലിലെ ഒന്നാം സൂത്രത്തിലൂടെയും രണ്ടാം

സൂത്രത്തിലൂടെയും ഇത് വെളിപ്പെടുത്തുവാനാരംഭിക്കുന്നു.

സൂത്രം - 1

*കൈക്കിളൈ മുതലാ പെരുന്തിണൈ ഇറുതായ്*

*മുർപടക്കിളന്ത എഴുതിണൈ എൻപ*

- കൈക്കിളൈ മുതൽ പെരുന്തിണൈ വരെയുള്ള ഏഴെണ്ണമാണ് അകത്തിണകൾ എന്ന് അവർ (മുൻഗാമികൾ) പറയുന്നു. മുർപടക്കിളന്ത, എൻപ എന്നീ വാക്കുകൾ നല്കുന്ന സൂചന തിണ വർഗ്ഗീകരണം നടത്തിയത് തൊൽക്കാപ്പിയർ അല്ല എന്നാണ്. തൊൽക്കാപ്പിയരുടെ മുൻഗാമികളിൽ ആരോ (ആരൊക്കയോ) തിണകളെ വർഗ്ഗീകരിച്ചിരിക്കുന്നു എന്ന സാമാന്യ യുക്തി ഇതിൽ നിന്നും ലഭിക്കുന്നു.

സൂത്രം - 2

*അവറ്റുൾ*

*നടുവൺ ഐന്തിണൈ നടുവണതു ഒഴിയ*

*പ്പടുതിരൈ വൈയം പാത്തിയ പൺപേ*

- അവയിൽ നടുവിലുള്ള അഞ്ചുതിണകളുടെ നടുക്കുള്ളതൊഴികെ നാലുതിണകളായിട്ടാണ് ശബ്ദിക്കുന്ന കടൽ ചൂഴ്ന്ന ഈ ലോകം വിഭജിക്കപ്പെട്ടിട്ടുള്ളത്. സൂത്രം 6-ൽ കാരും മാലൈയും മുല്ലൈ, സൂത്രം 7-ൽ കുറിഞ്ചി കുതിർയാമം എന്മാർ പുലവർ, സൂത്രം 9-ൽ വൈകുറൈ വിടിയൽ മരുതം, സൂത്രം 10-ൽ ഏർപാടു, നെയ്തൽ ആതൽ മെയ്പെറത്തോന്റും - എന്നിവയിൽ നിന്നും ഐന്തിണകളിലെ നാലു തിണകളുടെ പേരുകൾ നിർണയിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ഇന്ന് പാലൈ, എന്നു വിളിക്കപ്പെടുന്ന തിണയ്ക്ക് നടുവൺ തിണൈ എന്നാണ് തൊൽക്കാപ്പിയർ നാമകരണം ചെയ്തിട്ടുള്ളത്.ചുരുക്കത്തിൽ തിണകൾ ഏഴാണ്. 1. കൈക്കിളൈ, 2. കുറിഞ്ചി, 3.മുല്ലൈ, 4. പാലൈ, 5. മരുതം, 6. നെയ്തൽ, 7.പെരുന്തിണൈ. ഇവയിൽ കാവ്യശാസ്ത്രപരമായി കൂടുതൽ പ്രാധാന്യമുള്ളവ ആദ്യത്തെയും അവസാനത്തെയും ഒഴികെയുള്ള അഞ്ച് തിണകളാണ്. അവയിൽ നടുവിലുള്ള തിണ ഭൂമിശാത്രപരമായി യാഥാർത്ഥം (സ്ഥിരതയുള്ളത് ) അല്ല.

പൊരുളതികാരം വിവക്ഷിക്കുന്ന ഐന്തിണകളുടെ പ്രാധാന്യം അവ അകത്തിണകളാണ് എന്നതാണ്. അകം സാമാന്യമായി സ്ത്രീ-പുരുഷ സംബന്ധിയായ പ്രണയവ്യവഹാരങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. തിണകൾക്കകത്ത് മുതൽ, കരു, ഉരി, എന്നിവയാണ് പ്രധാന ഘടകങ്ങൾ. മുതൽപ്പൊരുൾ സ്ഥലകാലങ്ങളെയും കരുപ്പൊരുൾ ജൈവപ്രകൃതി, ആവാസം, ഭക്ഷണം, തൊഴിൽ, സംഗീതം, ദൈവം എന്നിവയെയും ഉരിപ്പൊരുൾ തിണയുടെ ആത്മവത്തയെ മുൻനിർത്തുന്ന അടിസ്ഥാന വൈകാരികതകളെയുമാണ് പ്രതിനിധാനം ചെയ്യുന്നത്.

ഇവയിൽ ഉരിപ്പൊരുളിനാധാരം പ്രണയകാലത്ത് സ്ത്രീയ്ക്കുണ്ടാകുന്ന വികാരഭേദങ്ങളാണ്. പുരുഷൻ ഇവിടെ സ്വതന്ത്രനും സഞ്ചാരിയും, ശത്രുക്കളെ അടക്കിയോടിക്കുന്ന ധീരനുമാണ്. സ്ത്രീ, പുരുഷനെ വിവിധ കാലങ്ങളിൽ, ഋതുക്കളിൽ വികാരഭേദങ്ങളോടെ കാത്തിരിക്കുന്ന ശരീരവുമാണ്. ഇതിനെ സ്ഥിരീകരിക്കുന്നവയാണ് ഐന്തിണകളുടെ ഉരിപ്പൊരുളുകൾ. അവ 16-ാം സൂത്രമാണ്.

സൂത്രം - 16

*പുണർതൽ പിരിതൽ ഇരുത്തൽ ഇരങ്കൽ*
*ഊടൽ അവറ്റിൻ നിമിത്തം എന്റിവൈ*
*തേരും കാലൈത്തിണൈക്കു ഉരിപ്പൊരുളേ*

പുണർതൽ - ചേർച്ച - കുറിഞ്ചി.

പിരിതൽ - വേർപാട് - പാലൈ

ഇരുത്തൽ - നായിക കാത്തിരിക്കുക - മുല്ലൈ

ഇരങ്കൽ - നായിക തനിച്ചിരുന്ന് വിലപിക്കുക - നെയ്തൽ

ഊടൽ - പിണക്കം - മരുതം

- എന്നിങ്ങനെയാണാ ക്രമം. ഇവയെല്ലാം തന്നെ നായകന്റെ അടിസ്ഥാന സ്വാതന്ത്ര്യത്തെയും നായികയുടെ ആത്മാർത്ഥ പ്രണയത്തെയും അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്. രാത്രിയുടെ മധ്യയാമത്തിൽ കാമുകി, കാമുകനെ പുണരുവാൻ, അഥവാ കൂടിച്ചേരുവാൻ എത്തുന്നതാണ് പ്രണയാരംഭം (കുറിഞ്ചി). വിദ്യാഭ്യാസത്തിനോ, ധനസമ്പാദനത്തിനോ, രാജകാര്യങ്ങളിൽ ദൂതുപറയുന്നതിനോ വേണ്ടി നായകൻ യാത്രയാകുമ്പോൾ നായകനെ നായിക കാത്തിരിക്കുന്നതാണ് പാലൈത്തിണയുടെ ഉരിപ്പൊരുളായ പിരിതൽ. ഇത് പകലിന്റെ മധ്യയാമത്തിലാണ് (നട്ടുച്ചയ്ക്ക്) സംഭവിക്കുക. സമാഗമത്തിനായെത്തുന്ന നായകനെ നായിക കാത്തിരിക്കുന്നതാണ് മുല്ലൈത്തിണയുടെ ഉരിപ്പൊരുളായ ഇരുത്തൽ. ഇത് രാത്രിയുടെ ആദ്യയാമത്തിലാണ്. യാത്രയാവുകയും ചിലപ്പോഴെല്ലാം വേശ്യാ സംസർഗ്ഗത്തിലേർപ്പെടുകയും ചെയ്യുന്ന നായകനെ നായിക വിലാപത്തോടെ കാത്തിരിക്കുന്നതും, ഓർത്തു വിലപിക്കുന്നതുമാണ് നെയ്തൽ തിണയുടെ ഉരിപ്പൊരുളായ ഇരങ്കൽ. ഇത് സന്ധ്യയ്ക്കും രാത്രിക്കുമിടയിലുള്ള അസ്തമയ സമയത്താണ്. ദാമ്പത്യത്തിലെ ക്രമരാഹിത്യം - ഇത് പരസ്ത്രീ/പരപുരുഷ ബന്ധം കൊണ്ടുമാകാം - ഹേതുവായുണ്ടാകുന്ന കലഹമാണ് മരുതം തിണയുടെ ഉരിപ്പൊരുളായ ഊടൽ അഥവാ പിണക്കം. ഇതിന്റെ സമയം അതിരാവിലെയാണ്. ഇവയിൽ കുറിഞ്ചി പൂർണ്ണമായും വിവാഹപൂർവ്വ പ്രണയത്തിലും, മരുതം പൂർണ്ണമായും വിവാഹാനന്തര പ്രണയത്തിലുമാണ്കണ്ടു വരുന്നത്. ബാക്കിയുള്ളവ രണ്ടു ഘട്ടങ്ങളിലും സാധ്യമാണ്.

സ്ത്രീ-പുരുഷ പ്രണയത്തിന്റെ അനവദ്യ സാധ്യതകളെ കൈകാര്യം ചെയ്യുന്ന അകത്തിണ അത്രമേൽ ജനാതിപത്യപൂർണ്ണവും, സമത്വസുന്ദരവുമായ ഒരുസാമൂഹികാന്തരീക്ഷത്തെ പ്രതിനിധാനം ചെയ്യുന്നില്ല. കാർഷിക ജീവിതവൃത്തിയിൽ നിന്നും ഗോത്രജീവിതത്തിലേക്കും അവിടെ നിന്നും വർണ്ണവ്യവസ്ഥയിലേക്കും ഘട്ടം ഘട്ടമായി വികാസം പ്രാപിച്ച സാമൂഹിക ഘടനയാണ് തൊൽക്കാപ്പിയത്തിനകത്തുള്ളത്. ജാതിവ്യവസ്ഥയ്ക്ക് മുമ്പുള്ളത് വർണ്ണവ്യവസ്ഥയാണ്. സമൂഹ മനുഷ്യർ പ്രധാനമായും നാലു വർണ്ണങ്ങളായി വിഭജിക്കപ്പെട്ടു. ഈ വ്യവസ്ഥ ഭാരതമൊട്ടാകെ ചാതുർവർണ്ണ്യം എന്നറിയപ്പെട്ടു. ഇവിടുത്തെ വർഗ്ഗ വിഭജനം സാമ്പത്തികാടിസ്ഥാനത്തിലായിരുന്നു. അതിനാൽത്തന്നെ സാമ്പത്തികമായും വർണ്ണാത്മകമായും സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ നിലകൊണ്ടിരുന്നവർ ഐന്തിണക്കാവ്യങ്ങളിൽ നായികാ-നായകന്മാരായാൽ മതി എന്ന സ്ഥിതി സിദ്ധാന്തമായി. പൊരുളതികാരം 250-ാം സൂത്രം ഇതിനുദാഹരണമാണ്.

സൂത്രം - 250

*അടിയോർ പാങ്കിനും വിനൈവലർ പാങ്കിനും*

*കടിവരൈ ഇല പുറത്തു എൻ മനാർ പുലവോർ*

- അിറവ്വുള്ളവർ പറയുന്ന, അടിയാരെയും (ദാസന്മാർ), വിനൈവലരെയും (പണിയെടുക്കുന്നവർ) അഞ്ചു തിണകളിൽ നായികാനായകന്മാരാക്കാറില്ല എന്ന്. ഇപ്രകാരത്തിൽ, സമൂഹഘടനയുടെ ഉന്നതശ്രേണിയിലുള്ളവരുടെ പ്രണയമാണ് അകം കാവ്യങ്ങളിൽ വിഷയമായിത്തീരേണ്ടത്.

പ്രണയപൂർണ്ണതയുടെ അന്തരാളഘട്ടത്തിൽ മടലേറൽ എന്നൊരു സമ്പ്രദായം സംഘകാസ ജീവിതത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. തന്റെ പ്രണയം തിരസ്കരിക്കപ്പെടുന്ന ഘട്ടത്തിൽ നായകൻ നായികയുടെ വീടിനുമുമ്പിൽ പനമടൽകൊണ്ട് പൊയ്ക്കുതിരയെ നിർമ്മിച്ച് തന്റെ ദേഹമാകെ ഭസ്മം പുരട്ടി, എരുക്കിൻപൂമാല കഴുത്തിലണിഞ്ഞ്, നായികയുടെ ചിത്രവും പിടിച്ച് മരണം വരെ നിരാഹാരമിരിക്കുന്ന ഏർപ്പാടാണിത്. ഇങ്ങനെ സംഭവിക്കുമ്പോൾ നായികയോ, നായികയുടെ കുടുംബമോ ഇടപെട്ട് വിവാഹം നടത്തുകയാണെത്രേ പതിവ്. അല്ലാത്ത പക്ഷം രാജാവ് ഇടപെട്ട് വിവാഹം നടത്തിക്കൊടുക്കും. എന്നാൽ സ്ത്രീക്ക് തന്റെ പ്രണയപൂർത്തീകരണത്തിനായി ഇത്തരം സാഹസങ്ങൾ പാടില്ല എന്നും തൊൽക്കാപ്പിയർ വിവക്ഷിക്കുന്നു. ഇക്കാര്യം അകത്തിണൈ ഇയലിലെ 38-ാം സൂത്രത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സൂത്രം 38

*എത്തിണൈ മരുങ്കിനും മകടൂഉവോടു മടന്മേൽ*

*പൊർപുടൈ നെറിമൈ ഇൻമൈ നാന.*

- തന്റെ പ്രണയം പ്രചരിപ്പിക്കുന്ന രീതിയിൽ ഏത് തിണയിലും സ്ത്രീകൾ മടലേറുന്ന പതിവില്ലെന്ന് പറയപ്പെടുന്നു.

അന്നത്തെ സമൂഹത്തിന്റെ മുഖ്യധാര പുരുഷനവകാശപ്പെട്ടതാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. തൊൽക്കാപ്പിയരും അദ്ദേഹത്തിന്റെ മുൻഗാമികളും പിൻഗാമികളും സ്ത്രീയെ ഒരു ഉപഭോഗവസ്തുവായിത്തന്നെയാണ് വിലയിരുത്തിയത്. പൊരുളതികാരം ചെയ്യുൾ ഇയലിനകത്തെ 158-ാം സൂത്രം ഇതിനു തെളിവാണ്.

സൂത്രം 158

*കാമക്കടപ്പിനൾ പണിന്ത കിളവി*

*കാണും കാലൈക്കിഴവോർ കുരിത്തേ*

*വഴിപാടു കഴമൈ അവൾക്കു ഇയലാന*

- നായകനെ വണങ്ങി ജീവിക്കേണ്ടവളാണ് നായിക; എങ്കിലുംകോപിച്ചു നില്ക്കുന്ന നായികയുടെ മുമ്പിൽ കാമാധിക്യം കാരണമായി വണങ്ങുകയെന്നത് നായകന് യോജിക്കും. അധികാരകേന്ദ്രമായ പുരുഷന്റെ കേവല ലൈംഗികതയ്ക്കുള്ള ഉപകരണമായി ഇവിടെ സ്ത്രീയെ പരിഗണിക്കുന്നു. കിഴവിക്ക് സുന്ദരിയായ നായികയെന്നും കിഴവന് കരുത്തനും നേതൃഗുണമുള്ള


ISSN: 2582 - 2594

വനമായ നായകൻ എന്നുമാണ് സംഘസാഹിത്യത്തിലർത്ഥം. നായിക നായകന് പൂർണ്ണമായും കീഴടങ്ങിയും നായകൻ കാമാധിക്യ സന്ദർഭങ്ങളിലൊഴികെ സ്ത്രീക്ക് കീഴടങ്ങാത്തവനമായിരിക്കണമെന്ന അടിസ്ഥാന തത്വത്തെ തൊൽക്കാപ്പിയർ ഇവിടെ സിദ്ധാന്തവത്കരിക്കുന്നു. നായകന് വേശ്യാ സംസർഗ്ഗം നിഷിദ്ധമല്ല, എന്നാൽ അതിന് നിയന്ത്രണമുണ്ട്. ഇക്കാര്യം പൊരുളതികാരം 185-ാം സൂത്രത്തിൽ കാണാം.

സൂത്രം - 185

*പൂപ്പിൻ പുറപ്പെട്ടു ഈരാറുനാളും*
*നീത്തകന്റു ഉറൈയാർ എന്മാർ പുലവൻ*
*പരത്തൈയിർ പിരിന്ത കാലൈയാന.*

- നായിക രജസ്വലയായതു മുതൽ 12 ദിവസം നായകൻ പരത്ത-വേശ്യ-യുടെ വീട്ടിൽ ചെന്ന് തങ്ങുകയില്ല. അഥവാ ബാക്കി ദിവസങ്ങളിൽ നായകന് വേശ്യാസംസർഗ്ഗം സാധ്യമാണ്. വേശ്യയും ഒരു സ്ത്രീയാണെന്ന കാര്യം വിസ്മരിക്കാവുന്നതല്ല.

സ്ത്രീയെ ലൈംഗികശരീരമായും അച്ചടക്കമുള്ള ഉപഭോഗവസ്തുവായും പരിഗണിക്കാൻ പാകപ്പെട്ട ഒരു സമൂഹമനസ്സിൽനിന്നുമാണ് തൊൽക്കാപ്പിയം പിറവികൊണ്ടത്. ബ്രാഹ്മണാധിപത്യത്തിന്റെ ആദിയിലെ ലിംഗം, സമ്പത്ത്, വർണ്ണം എന്നിങ്ങനെയുള്ള ഘടകങ്ങളാൽ സമൂഹത്തിലെ മുഴുവൻ വ്യക്തികളെയും വകതിരിച്ച് വ്യവഹരിക്കാൻ തൊൽക്കാപ്പിയ കാലം സജ്ജീകരിക്കപ്പെട്ടിരുന്നു. ഐന്തിണകളുടെ വ്യവഹാരമേഖലകൾ, ഉരിപ്പൊരുളുകളുടെ വൈകാരിക സാധ്യതകൾ, എന്നിവയെല്ലാം ഇപ്രകാരത്തിലുള്ള സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

### സഹായക ഗ്രന്ഥങ്ങൾ


1. ഇളയപെരുമാൾ, എം., സുബ്രഹ്മണ്യപിള്ള എസ്. ജി., (വ്യാഖ്യാതാക്കൾ), തൊൽക്കാപ്പിയം, പ്രസാ: ഇളയപെരുമാൾ എം, ജൂൺ, 1961.
2. എംഗൽസ് ഫ്രെഡറിക്, കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉദ്ഭവം, വിവ: ദാമോദരൻ പിള്ള, പി. എൻ., തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, ആഗസ്റ്റ്, 2010, മൂന്നാം പതിപ്പ്.
3. Subrahmanya Sastri, P. S., Tolkappiyam, Porul Atikaram, Part-1, The Kuppuswami Sastri Research institute, Mylapore, Madras, 1949.